Advertisment






# ഗാന്ധിഭവൻ സാഹിത്യ പുരസ്കാരം കാരൂർ സോമന്.

March 16, 2022

Share



പത്തനാപുരം : ഗാന്ധിഭവന്റെ സാഹിത്യ അംഗീകാരമുദ്ര പുരസ്കാരം യൂ.ആർ.എഫ് ലോക റെക്കോർഡ് ജേതാവും പ്രമുഖ പ്രവാസി സാഹിത്യകാരനുമായ കാരൂർ സോമന് മുൻ കേന്ദ്രമന്ത്രിയും എം.പി യുമായ കൊടിക്കുന്നിൽ സുരേഷ് ഗാന്ധി ഭവന്റെ സാംസ്കാരിക വേദിയിൽ സമ്മാനിച്ച്. സ്കൂൾ പഠനകാലത്തു് ബാലരമയിൽ കവിതകൾ എഴുതിയും റേഡിയോ നാടകകങ്ങൾ വഴിയും സാഹിത്യരംഗത്തേക്ക് കടന്നു വന്ന കാരൂർ സോമൻ ഇന്ന് ലോകമെമ്പാടും എഴുതുന്ന സാഹിത്യ സംഭാവനകളെ മാനിച്ചാണ് ഗാന്ധിഭവൻ പുരസ്കാരം ലഭിച്ചത്.
സമൂഹത്തിലെ മനോ – ശാരീരിക വൈകല്യം ബാധിച്ച സഹജീവികൾക്ക് സ്നേഹ സഹാനുഭൂതി നൽകുന്ന ഗാന്ധി ഭവൻ ജീവകാരുണ്യ സാമൂഹ്യ സാംസ്കാരിക രംഗത്ത് ചരിത്രപരമായ ബാധ്യതയാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് ജീവകാരുണ്യപ്രവർത്തകനായ ഡോ.ജോൺസൺ വി.ഇടിക്കുളയറിയിച്ചു. ഗാന്ധി ഭവൻ സെക്രട്ടറിയും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗവുമായ ഡോ.പുനലൂർ സോമരാജൻ ആശംസകൾ നേർന്നു.
സാഹിത്യസാംസ്കാരിക രംഗത്തും വിലപ്പെട്ട സംഭാവനകളാണ് ഗാന്ധിഭവൻ നൽകുന്നത്. ആ സാംസ്കാരിക സമ്പത്തു് അവിടുത്തെ ലൈബ്രറിയിൽ മാത്രമല്ല 2007 ൽ ആരംഭിച്ച സ്നേഹരാജ്യം മാസിക കേരളത്തിലെ കച്ചവട മാസികകളിൽ നിന്നകന്ന് മൂല്യവത്തായ വ്യത്യസ്ത ദാർശനിക കാഴ്ചപ്പാടുകൾ നൽകുന്നു. കലാ സാംസ്കാരിക സാമൂഹ്യ രംഗത്തുള്ളവരെ ആദരിക്കുക മഹനീയവും ഉദാത്തവുമായ പുരോഗമന ചിന്തയെന്നും വരണ്ടുണങ്ങിയ രാപകലിൽ മനോവേദനയും ശാരീരിക വൈകല്യവുമായി ജീവിക്കുന്നവർക്ക് ഒരു തെന്നലായി അവിടുത്തെ പാട്ടും സംഗീതവും ഒഴുകിയെത്തുന്നത് ആശ്വാസം നൽകുന്നതായി കാരൂർ സോമൻ അഭിപ്രായപ്പെട്ടു. മലയാളസാഹിത്യത്തിലെ പ്രശസ്തരായ സാഹിത്യകാരന്മാർ, കവികൾ, എഴുത്തുകാരുടെ പുസ്തകങ്ങൾ ഗാന്ധി ഭവൻ ലൈബ്രറിയിൽ ലഭ്യമാണ്.

ഏഷ്യയിലെ ഏറ്റവും വലിയ ജീവകാരുണ്യ കൂട്ടുകുടുംബമായ പത്തനാപുരം ഗാന്ധിഭവൻ സമൂഹത്തിൽ നിന്ന് തള്ളപ്പെട്ടവർ, കുടുംബത്തിൽ നിന്ന് പുറത്താക്കപ്പെട്ടവർ, ദരിദ്രർ, മാനസിക വൈകല്യമുള്ളവർ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, അനാഥരായ കുട്ടികൾ, തളർവാതരോഗികൾ, എച്ച് ഐവി, കാൻസർ, ടിബി രോഗികൾ ക്കുള്ള ആശാകേന്ദ്രമാണ്. സാബു നന്ദി രേഖപ്പെടുത്തി.

## About The Author

LIMA

See author's posts

Previous article
ജീവിതത്തിന്റെ സമസ്ത മേഖലകളിലും ജയിച്ചു നില്ക്കാൻ ആഗ്രഹിക്കുന്നവരും അതിനായി എന്ത് ഹീന പ്രവൃത്തിയും ചെയ്യാൻ മടിക്കാത്തവരുമാണ് – ജോസ് ക്ലെമന്റ്

Next article
മൃതിമണം മുറ്റിയ മൗണ്ട് വെസ്യുവിസ് – കാരൂർ സോമൻ, ലണ്ടൻ

### LEAVE A REPLY

Comment:

Name:*

Email:*

Website:

Save my name, email, and website in this browser for the next time I comment.

Post Comment

NEWSEWS

വൈകിവന്ന വിവേകം { അദ്ധ്യായം 13 } – മേരി അലക്സ് ( മണിയ )
December 19, 2023

MALABAR AFLAME : Lesson 15 – (Karoor Soman)
December 19, 2023

കഥാകാരൻറെ കനൽവഴികൾ , അദ്ധ്യായം 8 – ( ആത്മകഥ – കാരൂർ സോമൻ )
December 19, 2023

കാലിന്റെ ഇടയിൽ കയറുന്ന ഭൂതച്ചെറുക്കൻ. – (ലീലാമ്മ തോമസ് ബോട്സ്വാന)
December 19, 2023

കണ്ണിന് കുളിരായി (ഫ്രാൻസ്) – കാരൂർ സാമൻ
December 19, 2023

Search

Search

HOT NEWS


IPL 2024: ഐപിഎൽ ലേലത്തിന് മുമ്പേ പിന്മാറിയ മൂന്ന് വിദേശതാരങ്ങൾ
December 18, 2023


'ദാവൂദ് ഇബ്രാഹിം ആശുപത്രിയിൽ'; റിപ്പോർട്ടുകൾ തള്ളി ഇന്റലിജൻസ് വൃത്തങ്ങൾ
December 18, 2023


ഡൽഹിയിൽ തണുപ്പ് വർദ്ധിക്കുന്നു; മുന്നറിയിപ്പുമായി IMD
December 18, 2023

LITERATURE


നവകേരള സദസിൽ ലഹരിമുക്ത കേരളം അജണ്ടയാക്കണം – കെ സി ബി സി മദ്യ വിരുദ്ധ സമിതി
November 30, 2023


മറഞ്ഞത് വേറിട്ട രചനാശൈലിയുടെ മുഖം: എഴുത്തുകാരി പി വത്സല അന്തരിച്ചു
November 22, 2023


Adventures of Super boy Ramu, ചാടും ചുണ്ടെലിയുടെ കഥ, ഈസോപ്പ് കഥകൾ എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു.
November 22, 2023

COVID CASES

All countries

700,261,068

Total confirmed cases

LIMA
LIMA WORLD LIBRARY

Disclaimer

Articles and opinions expressed or published in this website are exclusively the views of the authors. Neither the editor nor the publishers are responsible or liable for the contents, objectives or opinion of the articles in any form. LIMA World Library does not claim any credit for images posted on this website unless otherwise noted. The images are copyright to its respectful owners or authors. If there is any copyrighted material/images that belongs to you on this website, and do not wish for it to appear on the website, please email with a link to the said material/image, and it will be promptly removed.

Contact us: contactlimaworldlibrary@gmail.com